(സി) ശ്രീമതി ഷീബ ഡേവിഡിന്റെ നിയമനം സംബന്ധിച്ച വിഷയത്തിൽ 2-7-2014-ൽ ലഭിച്ച കത്ത് സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ഈ വിഷയത്തിൽ ഉടൻ തന്നെ ഉചിതമായ തീരുമാനം എടുക്കുന്നതാണ്.

പേഴ്സണൽ സ്റ്റാഫ് നിയമന വ്യവസ്ഥകൾ

36 (7593) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മന്ത്രിമാരുടെയും പ്രതിപക്ഷനേതാവിന്റെയും പേഴ്സണൽ സ്റ്റാഫിൽ ജീവനക്കാരെ നിയമിക്കുന്നത് ഏത് ചട്ടങ്ങൾ പ്രകാരമാണ് ;

(ബി) ഇതിനായി സ്പെഷ്യൽ റൂൾസ് നിലവിലുണ്ടോ ; എങ്കിൽ അതിന്റെ പകർപ്പും ഇതിനനുബന്ധമായി ഇറക്കിയ സർക്കാർ ഉത്തരവുകളുടെയും പകർപ്പ് ലഭ്യമാക്കുമോ ;

(സി) വിവിധ വകുപ്പുകളിലേക്കും സ്ഥാപനങ്ങളിലേക്കും ഡെപ്യൂട്ടേഷൻ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നത് ഈ ചട്ടങ്ങളനുസരിച്ചാണോ ; അല്ലെങ്കിൽ അതുസംബന്ധിച്ച ചട്ടങ്ങളുടെ പകർപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

(എ & ബി) സംസ്ഥാനത്ത് മന്ത്രിമാരുടെയും പ്രതിപക്ഷ നേതാവിന്റെയും പേഴ്സണൽ സ്റ്റാഫിൽ ജീവനക്കാരെ നിയമിക്കുന്നത് 3-3-1959-ൽ പുറപ്പെടുവിച്ച സ.ഉ. (എംഎസ്.) നമ്പർ. 343 പ്രകാരമുള്ള സ്പെഷ്യൽ റൂൾസിന്റെ അടിസ്ഥാനത്തിലാണ് നിലവിലുള്ള സ്പെഷ്യൽ റൂൾസിന്റെയും ഭേദഗതി/അനുബന്ധ ഉത്തരവുകളുടെയും പകർപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) കെ.എസ്.ആർ. ഭാഗം 1, ചട്ടം 140-ലെ നിബന്ധനകളനുസരിച്ചാണ് വിവിധ വകുപ്പുകളിലേക്കും സ്ഥാപനങ്ങളിലേക്കും ഡെപ്യൂട്ടേഷൻ അനുവദിക്കുന്നത്.

4540/വി.ഐ.പി./സി.എം./2014 നമ്പർ എൽ.എസ്.ജി.ഡി. ഫയലിലെ നടപടികൾ

37 (7596) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുഖ്യമന്ത്രിയുടെ ഓഫീസിൽനിന്ന് 4540/വി.ഐ.പി./സി.എം./2014 നമ്പരായി എൽ.എസ്.ജി.ഡി. പ്രിൻസിപ്പൽ സെക്രട്ടറിക്ക് നൽകിയ ഫയലിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ഫയലിൽ മുഖ്യമന്ത്രി നൽകിയ നിർദ്ദേശപ്രകാരം ആവശ്യമായ റിപ്പോർട്ട് നിശ്ചിത സമയപരിധിക്കുള്ളിൽ ലഭ്യമാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ & ബി) 4540/വി.ഐ.പി./സി.എം./2014 റഫറൻസോടുകൂടി ലഭ്യമായ ശ്രീമതി കെ. കെ. ലതിക എം.എൽ.എ. യുടെ കത്തിൽ കോഴിക്കോട് ജില്ലയിലെ മണിയൂർ, വില്യപ്പിള്ളി എന്നീ സ്ഥലങ്ങളിൽ പ്രവർത്തിക്കുന്ന സർക്കാർ ഐ.ടി.ഐ. കൾക്ക് മണിയൂർ, വില്യാപ്പിള്ളി ഗ്രാമപഞ്ചായത്തുകളിൽനിന്നും ഭൂമി അനുവദിക്കണമെന്ന് അഭ്യർത്ഥിച്ചിരുന്നു.

ഇതിൽ വില്യാപ്പിള്ളി ഗ്രാമപഞ്ചായത്ത് വക വില്യാപ്പിള്ളി വില്ലേജിലെ റീ.സ. 56/7-ൽപ്പെട്ട 126.5 സെന്റ് സ്ഥലം വില്യാപ്പിള്ളി സർക്കാർ ഐ.ടി.ഐ.യ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിലേക്കായി വ്യാവസായിക പരിശീലന വകുപ്പിന് കൈമാറുന്ന വിഷയം 28721/ആർ.സി.4/2013/ത.സ്വ.ഭ.വ. ഫയലിൽ പരിശോധിച്ചുവരുന്നുണ്ട്. പ്രസ്തുത ഫയൽ അഭിപ്രായത്തിനായി വ്യവസായ വകുപ്പിലേക്ക് അയച്ചിരിക്കുകയാണ്. എന്നാൽ മണിയൂർ ഗ്രാമപഞ്ചായത്ത് വക ഭൂമി സർക്കാർ ഐ.ടി.ഐ.-ക്ക് നൽകുന്നത് സംബന്ധിച്ച് പ്രൊപ്പോസൽ ലഭിച്ചിരുന്നില്ല.

ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ കത്ത് ലഭിച്ചശേഷം മണിയൂർ ഗ്രാമപഞ്ചായത്ത് വക ഭൂമി പ്രസ്തുത ആവശ്യത്തിന് വിട്ടുനൽകുന്നത് സംബന്ധിച്ച് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയിൽനിന്നും റിപ്പോർട്ട് വാങ്ങി പരിശോധിക്കുകയും മണിയൂർ വില്ലേജിലെ റീ.സ. 7/6-ൽപ്പെട്ട ഒരു ഏക്കർ 10 സെന്റ് സ്ഥലം മണിയൂർ ഐ.ടി.ഐ.-യ്ക്കുവേണ്ടി വ്യാവസായിക പരിശീലന വകുപ്പിന് കൈമാറുന്നത് സംബന്ധിച്ച് അഭിപ്രായത്തിനായി ഫയൽ ലോക്കൽ ഗവൺമെന്റ് കമ്മീഷനിലേക്ക് അയക്കാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

വിരമിക്കുന്നവർക്ക് പുനർ നിയമനം

38 (7597) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ വകുപ്പിൽനിന്നും വിരമിക്കുന്നവർക്ക് അതേ ആഫീസിൽ കരാറടിസ്ഥാനത്തിൽ പുനർനിയമനം നൽകുന്നതിന് കേരളത്തിലെ സിവിൽ സർവ്വീസ് ചട്ടങ്ങളിൽ വ്യവസ്ഥയുണ്ടോയെന്ന് അറിയിക്കുമോ ;

(ബി) എങ്കിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതെല്ലാം സർക്കാർ വകുപ്പുകളിൽ ഇപ്രകാരം പുനർനിയമനം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ജീവനക്കാരൻ വിരമിക്കുന്ന ഒഴിവിൽ തൊട്ടുതാഴെയുള്ള അർഹതപ്പെട്ടയാളിന് സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ സ്ഥാനക്കയറ്റം നൽകുന്നതിന് ഈ നടപടി തടസ്സമാവുകയില്ലേ ; വ്യക്തമാക്കുമോ ;

(ഡി) എങ്കിൽ അപ്രകാരം സ്ഥാനക്കയറ്റത്തിന് അർഹതപ്പെട്ടയാളിന് സ്ഥാനക്കയറ്റം നൽകാതിരിക്കുന്നത് ചട്ടവിരുദ്ധമല്ലേയെന്ന് വ്യക്തമാക്കുമോ ;